# ഐഎൻടിയുസി സംസ്ഥാന നേതൃത്വം പരാജയം: ദേശീയ സീനിയർ സെക്രട്ടറി

## ▸▸ സംസ്ഥാന സർക്കാരിന്റെ തൊഴിലാളി ദ്രോഹ നടപടികളിൽ പ്രതികരിക്കുന്നില്ല

**കോഴിക്കോട്** ● സംസ്ഥാന സർക്കാരിന്റെ തൊഴിലാളി ദ്രോഹ നടപടികൾക്കെതിരെ പ്രതികരിക്കുന്നതിൽ ഐഎൻടിയുസി സംസ്ഥാന നേതൃത്വം പരാജയപ്പെട്ടതായി ഐഎൻടിയുസി ദേശീയ സീനിയർ സെക്രട്ടറി കെ.സുരേഷ് ബാബു. ഐഎൻടിയുസി അഫിലിയേറ്റഡ് യൂണിയൻസ് കോഓർഡിനേഷൻ കമ്മിറ്റി ജില്ലാ കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കശുവണ്ടി കോർപറേഷൻ അഴിമതി കേസിൽനിന്നു രക്ഷപ്പെടാനാണ് ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ആർ.ചന്ദ്രശേഖരൻ മുഖ്യമന്ത്രി പിണറായി വിജയനോട് മൃദുസമീപനം സ്വീകരിക്കുന്നത്.




ഐഎൻടിയുസി അഫിലിയേറ്റഡ് യൂണിയൻസ് കോഓർഡിനേഷൻ കമ്മിറ്റി ജില്ലാ കൺവൻഷൻ ഐഎൻടിയുസി ദേശീയ സീനിയർ സെക്രട്ടറി കെ.സുരേഷ് ബാബു ഉദ്ഘാടനം ചെയ്യുന്നു.

അഴിമതി കേസിൽ അറസ്റ്റിലാകുന്നതിനു മുൻപു ചന്ദ്രശേഖരനെ തൽസ്ഥാനത്തുനിന്നു മാറ്റാൻ ദേശീയ നേതൃത്വം തയാറാകണമെന്നും കൺവൻഷനിൽ പ്രസംഗിച്ചവർ ആവശ്യപ്പെട്ടു.

ഐഎൻടിയുസി മുൻ ജില്ലാ പ്രസിഡന്റ് ഇ.നാരായണൻ നായർ അധ്യക്ഷത വഹിച്ചു.

ദേശീയ വർക്കിങ് കമ്മിറ്റി അംഗങ്ങളായ സിബിക്കുട്ടി ഫ്രാൻസിസ്, കെ.എം.ഉമ്മർ, എം.കെ. ബീരാൻ, സാലറീഡ് ഫെഡറേഷൻ ജില്ലാ പ്രസിഡന്റ് എം.സതീഷ് കുമാർ, കെ.ദാമോദരൻ, എം.പി.രാമകൃഷ്ണൻ, ടി.വി.സുരേന്ദ്രൻ, പുത്തൂർ മോഹനൻ എന്നിവർ പ്രസംഗിച്ചു.

**Malayala Manorama 1.10.2024**

# സംസ്ഥാനനേതൃത്വത്തിനെതിരേ ആഞ്ഞടിച്ച് ഐ.എൻ.ടി.യു.സി. കോഡിനേഷൻ യോഗം

**കോഴിക്കോട്▸** സംസ്ഥാനപ്രസിഡന്റ് ആർ. ചന്ദ്രശേഖരനെതിരേ പരസ്യവിമർശനമുയർത്തി ഐ.എൻ.ടി.യു.സി.യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂണിയനുകളുടെ കോഡിനേഷൻ കമ്മിറ്റിയുടെ ജില്ലാ കൺവെൻഷൻ. 18 വർഷമായി പ്രസിഡന്റ് സ്ഥാനത്ത് തുടരുന്ന ചന്ദ്രശേഖരൻ, യൂണിയനെ സി.പി.എമ്മിന്റെയും സി.ഐ.ടി.യു.വിന്റെയും ബി-ടീമാക്കി മാറ്റിയെന്ന് കൺവെൻഷനിൽ പ്രസംഗിച്ചവർ ആരോപിച്ചു.

കശുവണ്ടി വികസന കോർപ്പറേഷനിൽ അഴിമതി നടത്തിയതിന് കോടതിനടപടികൾ നേരിടുന്ന പ്രസിഡന്റിനെ നീക്കാൻ കേന്ദ്രനേതൃത്വം ഇടപെടണമെന്ന് കൺവെൻഷൻ ആവശ്യപ്പെട്ടു.




▶ ഐ.എൻ.ടി.യു.സി. അഫിലിയേറ്റഡ് യുണിയൻസ് കോഡിനേഷൻ കമ്മിറ്റി ജില്ലാ കൺവെൻഷൻ കെ. സുരേഷ് ബാബു ഉദ്ഘാടനംചെയ്യുന്നു

തൊഴിലാളിതാത്പര്യങ്ങളെ പൂർണമായി ഹനിച്ചുകൊണ്ടാണ് സംസ്ഥാനനേതൃത്വം മുന്നോട്ടുപോകുന്നത്. സംസ്ഥാന സർക്കാരിന്റെ ഏറാൻമൂളികളായി നിലവിലുള്ള നേതൃത്വം മാറി. ഐ.എൻ.ടി.യു.സി. നേതാവ് ജി. രാമാനുജത്തിന്റെ പേരിലുള്ള അവാർഡ് സി.ഐ.ടി.യു. നേതാവ് എളമരം കരീമിന് നൽകിയത് പ്രസ്ഥാനത്തെ അപമാനിക്കുന്ന പ്രവൃത്തിയായി. പിണറായി വിജയൻ ഐ.എൻ.ടി.യു.സി. പ്രസിഡന്റിന് നാരങ്ങാനീർ നൽകി നിരാഹാരസമരം അവസാനിപ്പിച്ചത് പ്രവർത്തകരുടെ മനസ്സിൽ മുറിവുണ്ടാക്കി. ഐ.എൻ.ടി.യു.സി.ക്ക് ക്ഷീണമുണ്ടാക്കുന്നവിധം പ്രസിഡന്റുതന്നെ പല സ്ഥാപനങ്ങളിലും സമാന്തര നിഴൽ യൂണിയനുകളുണ്ടാക്കുകയാണ് -കോഴിക്കോട് ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തിയ കൺവെൻഷൻ കുറ്റപ്പെടുത്തി.

ഇതിനെല്ലാമെതിരേ ദേശീയപ്രസിഡന്റ് ഡോ. ജി. സഞ്ജീവറെഡ്ഡിക്ക് പരാതി നൽകിയിട്ടുണ്ടെന്ന് കൺവെൻഷൻ ഉദ്ഘാടനംചെയ്ത ദേശീയ സീനിയർ സെക്രട്ടറി കെ. സുരേഷ് ബാബു പറഞ്ഞു. എല്ലാ ജില്ലകളിലും നവംബർ അവസാനത്തോടെ സമാനമായ കൺവെൻഷനുകൾ നടത്തും. മുൻ ജില്ലാപ്രസിഡന്റ് ഇ. നാരായൺ നായർ അധ്യക്ഷത വഹിച്ചു.

വിവിധ യൂണിയനുകളെ പ്രതിനിധാനംചെയ്ത് എം.കെ. ബീരാൻ, സിബിക്കുട്ടി ഫ്രാൻസിസ്, കെ.എം. ഉമ്മർ, എം.പി. രാമകൃഷ്ണൻ, കെ. ദാമോദരൻ, സുരേന്ദ്രൻ ബാലുശ്ശേരി, പുത്തൂർ മോഹനൻ, വി.സി. സേതുമാധവൻ, ശങ്കരൻ നടുവണ്ണൂർ, കെ.സി. അബ്ദുൾ റസാഖ്, എം. സതീഷ്കുമാർ തുടങ്ങിയവർ സംസാരിച്ചു.

ഇരുപതോളം യൂണിയനുകളുടെ പ്രതിനിധികൾ കൺവെൻഷനിൽ പങ്കെടുത്തു.

**Mathrubhumi 1.10.2024**